പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *388. 16.03.2017 ന് മറുപടിയ്ക്ക്.

## കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഐ.ബി. സതീഷ് :<br>ശ്രീ. എ.എം. ആരിഫ് :<br>ശ്രീ. ആന്റണി ജോൺ :<br>ശ്രീ. വി. അബ്ദുറഹിമാൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാനത്തെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് അക്കാഡമി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന നൈപുണ്യവികസന പദ്ധതികൾ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനായി KASE നെ സ്റ്റേറ്റ് സ്കിൽ ഡെവലപ്മെന്റ് മിഷൻ - ആയി ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. മേൽ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള നടപടികൾ അക്കാഡമി സ്വീകരിച്ചുവരുന്നു. |
| (സി) അക്കാഡമിയുടെ മേൽനോട്ടത്തിൽ തൊഴിൽ അന്വേഷകർക്കും തൊഴിൽ ദാതാക്കൾക്കുമായി വെബ് അധിഷ്ഠിത ജോബ് പോർട്ടൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ഡി) എങ്കിൽ ആരുടെയെല്ലാം പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) & (ഡി) ഉണ്ട്. തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിലുള്ള വ്യാവസായിക പരിശീലന വകുപ്പ്, നാഷണൽ എംപ്ലോയ്മെന്റ് സർവീസ്, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, ലേബർ കമ്മീഷണറേറ്റ്, ഫാക്ടറീസ് & ബോയിലേഴ്സ്, ഓവർസീസ് ഡവലപ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ODEPC) തുടങ്ങിയവരുടെ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ